# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 9-ാം തീയതി ബുധനാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -28)

433)തമിഴ്നാടിന് സൗജന്യമായി നൽകുന്ന ജലം
434)സ്വയംതൊഴിൽ പദ്ധതികൾ
435)മെട്രോ വാട്ടർ സപ്ളൈ സംവിധാനം
436)സ്തംഭനാവസ്ഥയിലായ ഡ്രെയിനേജ് പദ്ധതികൾ
437)സിൽവോ ഫിഷറീസ് പദ്ധതിയും കണ്ടൽ വന സംരക്ഷണവും
438)ജപ്പാൻ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയെപ്പറ്റിയുള്ള പഠനം
439)ഉൾനാടൻ മത്സ്യബന്ധന പദ്ധതികൾ
440)വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് നടപടി
441)ആദിവാസികൾക്ക് തൊഴിലും ചികിത്സാസൗകര്യവും നടപടി
442) ഇലക്ട്രോണിക് മീറ്റർ നിർമ്മാണശാല സ്ഥാപിക്കണമെന്ന ആവശ്യം
443)നിയമനം നടത്തുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച പുതിയ വ്യവസ്ഥകൾ
444)ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് നടപടി
445)ഭൂഗർഭ അണകൾ കൊുള്ള പ്രയോജനങ്ങൾ
446)മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങളിൽപ്പെട്ടു മരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം
447)പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ സാധനങ്ങൾ സപ്ളൈ ചെയ്യുന്നവർക്ക് നൽകാനുള്ള തുക
448)വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിന് നടപടി
449)വൈദ്യുത ബോർഡിനുവേണ്ടി കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം
450)പട്ടികജാതി പട്ടിക വർഗ്ഗ കമ്മീഷൻ രൂപീകരണം
451)ആദിവാസി ഭവന നിർമ്മാണത്തിന് ലോക ബാങ്ക് സഹായം
452)ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള പിന്നോക്ക സമുദായങ്ങൾ
453)ഡാമുകളുടെ സുരക്ഷിതത്വം
454)ആദിവാസികൾക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഭൂമി വിതരണം
455)കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി
456)കുറ്റ്യാടി ജലവൈദ്യുത ആഗ്മെന്റേഷൻ പദ്ധതി
457)അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി
458)ജലവിഭവ രംഗത്തെക്കുറിച്ചുള്ള ഭരണപരിഷ്കാര കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ
459)പാതിരാമണൽ ദ്വീപ് സ്വകാര്യ മേഖലക്ക് പാട്ടത്തിനു കൊടുത്ത നടപടി
460)അവശ ക്രൈസ്തവർക്കുള്ള ആനുകൂല്യങ്ങൾ

### തമിഴ്നാടിന് സൗജന്യമായി നൽകുന്ന ജലം

*433. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. ടി.എച്ച്. മുസ്തഫ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം അണക്കെട്ടുകളിൽ നിന്നും നീരൊഴുക്കുകളിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നുണ്ട് ;

(ബി) ഇതിൽ സൗജന്യമായി നൽകുന്നത് ഏതെല്ലാം അണക്കെട്ടുകളിൽ നിന്നും നീരൊഴുക്കുകളിൽ നിന്നുമാണ് ;

(സി) ഈ അണക്കെട്ടുകളിൽ നിന്നും നീരൊഴുക്കുകളിൽ നിന്നും എത്ര അളവ് വെള്ളം വീതം സൗജന്യമായി നൽകുന്നു ;

(ഡി) തമിഴ്നാടിന് ജലം സൗജന്യമായി നൽകാനുള്ള കാരണമെന്താണ് ;

(ഇ) ഈ വെള്ളത്തിന് വില വാങ്ങുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് ( ജലവിഭവ വകുപ്പുമന്ത്രി):**

(എ) മുല്ലപ്പെരിയാർ അണക്കെട്ട്, പറംപിക്കുളം അലിയാർ പദ്ധതിയിൽ ഉൾപ്പെടുന്ന വിവിധ അണക്കെട്ടുകൾ, (ലോവർ നീരാർ, തമിഴ്നാട് ഷോളയാർ, കേരള ഷോളയാർ പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം, ആലിയാർ, തിരുമൂർത്തി, അപ്പർ ആലിയാർ) ശിരുവാണ് അണക്കെട്ട്, നെയ്യാർ അണക്കെട്ട് എന്നീ അണക്കെട്ടുകളിൽ നിന്നും കേരളം തമിഴ്നാടിന് ജലം നൽകുന്നുണ്ട്.

(ബി) കേരളത്തിലെ അണക്കെട്ടുകളിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നത് സൗജന്യമായിട്ടാണ്.

(സി) മുല്ലപ്പെരിയാർ അണക്കെട്ടിലെ 155 അടി പൊക്കം വരെ 'കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട പ്രദേശത്തേയ്ക്കോ, അതിലൂടെയോ അതിൽ നിന്നോ ഒഴുകുന്ന ജലം മുഴുവൻ തമിഴ്നാടിന് സൗജന്യമായി നൽകിയിരിക്കുകയാണ്. ഏകദേശം 22 ടി.എം.സി. അടി ജലം ഇപ്രകാരം തമിഴ്നാട് വർഷംതോറും സൗജന്യമായി കൊണ്ടുപോകുന്നുണ്ട്.

പറമ്പിക്കുളം അലിയാർ പദ്ധതികളിൽ നിന്നും 25.55 ടി.എം.സി. അടി ജലം സൗജന്യമായി വർഷംതോറും തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. (കരാർപ്രകാരം 30.5 ടി.എം.സി. അടി ജലമാണ് തമിഴ്നാടിന് കൊണ്ടുപോകാവുന്നത്).

ശിരുവാണി അണക്കെട്ടിൽ നിന്നും 1.3 ടി.എം.സി അടി വരെ ജലം സൗജന്യമായി വർഷംതോറും തമിഴ്നാടിന് നൽകുന്നുണ്ട്.

നെയ്യാറിൽ നിന്നും ഏകദേശം 0.642 ടി.എം.സി. അടി ജലം സൗജന്യമായി വർഷംതോറും തമിഴ്നാടിന് നൽകുന്നുണ്ട്.

(ഡി) 1886-ലെ പെരിയാർ പാട്ടക്കരാർ അനുസരിച്ചാണ് തമിഴ്നാടിന് മുല്ലപ്പെരിയാറിൽ നിന്നും സൗജന്യമായി ജലം നൽകുന്നത്.

1970-ലെ പറമ്പിക്കുളം അലിയാർ പദ്ധതി കരാർ പ്രകാരമാണ് പറമ്പിക്കുളം അലിയാർ പദ്ധതിയിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നത്.

1973-ലെ ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരമാണ് ശിരുവാണിയിൽ നിന്നും തമിഴ്നാടിന് സൗജന്യമായി ജലം നൽകുന്നത്.

1951-ൽ നിർമ്മാണം ആരംഭിച്ച നെയ്യാർ പ്രോജക്ടിന്റെ ചില ഭാഗങ്ങൾ കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിലുൾപ്പെടുകയും പ്രസ്തുതഭാഗം 1956-ലെ സംസ്ഥാന പുന:സംഘടനയ്ക്കുശേഷം തമിഴ്നാടിന്റെ അധീനതയിൽ വന്നുചേരുകയും ചെയ്തു. പ്രസ്തുത ഭാഗത്തിന്റെ കൃഷി ആവശ്യത്തിനായി നെയ്യാർ പ്രോജക്ടിൽ നിന്നും തമിഴ്നാടിന് സൗജന്യമായി ജലം നൽകിവരുന്നു.

(ഇ) കരാർ പ്രകാരം തമിഴ്നാടിന് നൽകുന്ന ജലത്തിന് വില ഈടാക്കാൻ നടപടികളൊന്നും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ കരാറില്ലാതെ നെയ്യാറിൽ നിന്ന് തമിഴ്നാടിന് നൽകുന്ന ജലത്തിന് വില ഈടാക്കാൻ സംസ്ഥാന സർക്കാർ ആലോചിച്ചുവരുന്നു.

## സ്വയംതൊഴിൽ പദ്ധതികൾ

*434. ശ്രീ. മത്തായി ചാക്കോ :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി.പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നത് എന്നതിന്റെ വിശദാംശങ്ങളും അനുബന്ധരേഖകളും ലഭ്യമാക്കുമോ ;

(ബി) ദേശീയ പിന്നോക്ക കമ്മീഷൻ സ്വയം തൊഴിൽ സംരംഭകർക്ക് നൽകുന്ന ലോണുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള പലിശനിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന പിന്നോക്കവികസന കോർപ്പറേഷൻ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിതരണം ചെയ്തിട്ടുള്ള ലോണുകൾക്ക് ഈടാക്കിവരുന്ന പലിശനിരക്ക് എത്ര ;

(ഡി) പ്രസ്തുത ലോണുകൾക്ക് 12% പലിശനിരക്കും 18% പിഴപലിശയും ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇക്കാരണത്താൽ സ്വയംതൊഴിൽ ലോൺ എടുത്തവർ പലിശയും പിഴപലിശയും യഥാവിധി അടയ്ക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) അതുപോലെ പലിശയും പിഴപലിശയും കോമ്പൗണ്ട് ചെയ്ത് അതാത് മാസം വായ്പ എടുത്തവരിൽ നിന്നും ഈടാക്കിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇത്തരം ലോണുകൾക്ക് സാധാരണ പലിശ മാത്രമേ ഈടാക്കാവൂ എന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ഈടാക്കിവരുന്ന പലിശനിരക്ക് പുന:പരിശോധിക്കാൻ തയ്യാറാവുമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ ( പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി) :**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയെതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി 3 തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.ബി.സി.എഫ്.ഡി.സി) യും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കേർപ്പറേഷന്റെയും (എൻ.എം.ഡി.എഫ്.സി) വായ്പാ സഹായത്താൽ, ഗുണഭോക്താവ് തന്റെ യുക്താനുസരണം തിരഞ്ഞെടുത്ത്, നടപ്പിലാക്കിവരുന്ന 5 ലക്ഷം രൂപവരെയുള്ള സ്വയംതൊഴിൽ പദ്ധതി

പലിശനിരക്ക് : 6%
തിരിച്ചടവ് കാലാവധി : 60 മാസം

2. ദേശിയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.ബി.സി.എഫ്.ഡി.സി) സഹായത്താൽ നടപ്പിലാക്കി വരുന്ന വനിതകൾക്ക് മാത്രമായുള്ള 50,000/- രൂപ വരെയുള്ള സ്വയംതൊഴിൽ ന്യൂസ്വർണ്ണിമ പദ്ധതി

പലിശ നിരക്ക് : 4%

തിരിച്ചടവ് കാലാവധി : 60 മാസം

3. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ധനസഹായത്താൽ നടപ്പിലാക്കിവരുന്ന ലഘുവായ്പാ പദ്ധതി (മൈക്രോ ക്രഡിറ്റ് സ്കീം) ഈ വായ്പ സർക്കാരിതര സന്നദ്ധ സംഘടനകൾ വഴി സ്വയം സഹായ സംഘങ്ങൾ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) ക്കാണ് കണക്കാക്കുന്നത്.

| | എൻ.ബി.സി.എഫ്.ഡി.സി. | എൻ.എം.ഡി.എഫ്.സി. |
|---|---|---|
| ഒരു അംഗത്തിനു കിട്ടുന്ന പരമാവധി തുക | 25,000 | 20,000 |
| പലിശ നിരക്ക് സന്നദ്ധ സംഘടനയ്ക്ക് | 5% | 4% |
| സന്നദ്ധ സംഘടന സ്വയം സഹായ സംഘ അംഗത്തിന് | 8-10% | 79% |
| തിരിച്ചടവ് കാലാവധി | 21 മാസം | 21 മാസം |

(ബി) ദേശീയ പിന്നോക്ക കമ്മീഷൻ സ്വയംതൊഴിൽ സംരംഭകർക്ക് വായ്പ നൽകുന്ന സ്ഥാപനമല്ല. എന്നാൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ നൽകുന്ന ലോണുകൾക്ക് വ്യവസ്ഥ ചെയ്തിരിക്കുന്ന നിലവിലുള്ള പലിശനിരക്ക് താഴെപ്പറയും പ്രകാരമാണ്.

വനിതകൾക്ക് 4%
മറ്റ് സംരംഭകർക്ക് 6%.

(സി) 161999 വരെ നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികൾക്കുള്ള (ഓൾഡ് ലെൻഡിംഗ് പോളിസി) വായ്പകൾക്ക് ദേശീയ കോർപ്പറേഷനുകളുടെ നിർദ്ദേശപ്രകാരം 6 മുതൽ 12% വരെയാണ് പലിശനിരക്ക് നിശ്ചയിച്ചിരുന്നത്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് 1,00,000/- രൂപ വരെയുള്ള വായ്പകൾക്ക് പലിശ 7%വും ദാരിദ്ര്യ രേഖയുടെ ഇരട്ടിയിൽ താഴെയുള്ളവർക്ക് 5,00,000/- രൂപ വരെയുള്ള വായ്പകൾക്ക് 10%വും വാഹനവായ്പാ പദ്ധതിക്ക് ടാക്സി, ട്രക്കർ തുടങ്ങിയവ)12%വുമാണ് ദേശീയ കോർപ്പറേഷൻ നിശ്ചയിച്ചിരുന്നത്. 1-6-99-ൽ നിലവിൽ വന്ന ദേശീയ കോർപ്പറേഷനുകളുടെ റിവൈസ്ഡ് ലെൻഡിംഗ് പോളിസി അനുസരിച്ച് സ്വയംതൊഴിൽ വായ്പകൾക്ക് (വനിതകൾക്ക് മാത്രമുള്ള ന്യൂ സ്വർണ്ണിമ പദ്ധതിയൊഴിച്ച്) 7% പലിശ നിരക്ക് നിശ്ചയിക്കുകയുണ്ടായി. 2003 ജനുവരി മുതൽ ദേശീയ കോർപ്പറേഷനുകളുടെ നിർദ്ദേശാനുസരണം പലിശ നിരക്ക് വീണ്ടും 4% മുതൽ 6% വരെ ആയി പുതുക്കി നിശ്ചയിച്ചു.

(ഡി) ഉണ്ട്. 1-2-2001 മുതൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് എടുക്കുന്ന വായ്പകൾക്ക് പലിശയും പിഴപ്പലിശയും കൂടി 19% ത്തിൽ കൂടാൻ പാടില്ലായെന്ന് തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇക്കാര്യം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിലേക്ക് ഇളവുകൾ നൽകി വൺടൈം സെറ്റിൽമെന്റ് (ഒ.റ്റി.എസ്) പോലുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുമ്ട്.

(എഫ്) പലിശ അതാത് മാസം കോമ്പൗണ്ട് ചെയ്യുന്ന സംവിധാനം ഓൾഡ് ലെൻഡിംഗ് പോളിസി വായ്പകളുടെ കാര്യത്തിൽ നിലവിലുണ്ട്. ഓൾഡ് ലെൻഡിംഗ് പോളിസി വായ്പകളിൽ വർഷാവസാനം പിഴപ്പലിശ കോമ്പൗണ്ട് ചെയ്യുന്ന സമ്പ്രദായമുണ്ട്.

(ജി) 1-6-1999-ന് ശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്ക് (റിവൈസ്ഡ് ലെൻഡിംഗ് പോളിസി) ദേശീയ കോർപ്പറേഷനുകളും സംസ്ഥാന കോർപ്പറേഷനുകളും സാധാരണ പലിശ മാത്രമേ ഈടാക്കിവരുന്നുള്ളു.

## മെട്രോ വാട്ടർ സപ്ളൈ സംവിധാനം

*435. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :

ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നിലവിലുള്ള ചെറുകിട ജലവിതരണ പദ്ധതികൾ കൈവിട്ടുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; എത്ര പദ്ധതികളാണ് കൈവിടാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിനകം എത്ര പദ്ധതികൾ കൈവിടുകയുണ്ടായി ; പദ്ധതികൾ പഞ്ചായത്തുകൾക്ക് ഏത് തീയതിക്ക് മുൻപ് കൈമാറണമെന്നാണ് എ.ഡി.ബി. നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ പട്ടണപ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ 'മെട്രോ വാട്ടർ സപ്ളൈ' സംവിധാനത്തിന് കീഴിൽ കൊണ്ടുവരാനായി ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രത്യേക സംവിധാനത്തിൻ കീഴിൽ ആക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് എന്തുപ്രയോജനമാണ് ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സർക്കാരിന്റെ നടപടികൾ കുടിവെള്ളത്തെ വിലയേറിയതും ഡിമാന്റുള്ളതുമായ ഉൽപ്പന്നമാക്കി മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിവെള്ളരംഗത്ത് സ്വീകരിക്കുന്ന നയസമീപനങ്ങൾ സാധാരണക്കാരായ ഉപഭോക്താക്കളെ പരിഗണിച്ചുകൊണ്ടുള്ളതാക്കാൻ തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) ഇന്ത്യൻ ഭരണഘടനയിലെ 73,74 വകുപ്പുകളുടെ ഭേദഗതിപ്രകാരം സർക്കാർ അധികാര വികേന്ദ്രീകരണം നടപ്പിലാക്കി. ഇതിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട അധികാരങ്ങളെക്കുറിച്ച് പഠിച്ച് മാർഗ്ഗരേഖ തയ്യാറാക്കുവാൻ സർക്കാർ സെൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. സെൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഗ്രാമീണ ജനങ്ങളുടെ ജലാവശ്യം നിറവേറ്റുവാൻ കേരള വാട്ടർ അതോറിറ്റി എന്ന സ്ഥാപനത്തിന് മാത്രം സാധിക്കില്ല എന്നു കണ്ടു. മാത്രമല്ലാ വികേന്ദ്രീകൃത പരിപാടിയിൽ ശുദ്ധജല വിതരണ പദ്ധതികൾക്ക് പ്രാധാന്യം നൽകി പ്ളാൻ ഫണ്ടിന്റെ നിശ്ചിത പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്നുള്ള നിർദ്ദേശവും സർക്കാരിനു ലഭിച്ചു. മാത്രവുമല്ല, നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ പരിപാലനത്തിനാവശ്യമായ തുക കേരളാ വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനത്തിൽനിന്നും കണ്ടെത്താൻ കഴിയുന്നില്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു പഞ്ചായത്തിനു മാത്രം പ്രയോജനപ്പെടുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ പരിപാലനം അതാത് പഞ്ചായത്തുകളെ ഏൽപ്പിക്കണമെന്ന് 19.3.1998-ലെ ജി.ഒ(എം.എസ്) നമ്പർ 29/98/ഇറി.വ പ്രകാരം സർക്കാർ ഉത്തരവ് നൽകി. പ്രസ്തുത ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റി പരിപാലിച്ചുപോന്നിരുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ 1050 എണ്ണം അതാതു പഞ്ചായത്തിനു മാത്രം പ്രയോജനം നൽകുന്നതാണെന്ന് തിട്ടപ്പെടുത്തി. ഇതുപ്രകാരം 23.11.1998-ലെ ജി.ഒ (എം.എസ്) നം.125/98/ഇറി.വ. അനുസരിച്ച് പ്രസ്തുത 1050 ശുദ്ധജലവിതരണ പദ്ധതികൾ അതാത് പഞ്ചായത്തുകൽക്ക് കൈമാറുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് അനുസരിച്ച് ശുദ്ധജലവിതരണ പദ്ധതികളുടെ പരിപാലനം ഏറ്റെടുക്കുവാൻ തയ്യാറായ പഞ്ചായത്തുകൾക്ക് 144 പദ്ധതികൾ കൈമാറിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് പദ്ധതികൾ കൈമാറുന്നതിനെക്കുറിച്ച് എ.ഡി.ബി.യുടെ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല .

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) കുടിവെള്ള രംഗത്ത് സ്വീകരിക്കുന്ന നയസമീപനങ്ങൾ സാധാരണക്കാരായ ഉപഭോക്താക്കളുടെ കാര്യം പരിഗണിച്ചുകൊണ്ടാണ് തീരുമാനിക്കുന്നത്.

## സ്തംഭനാവസ്ഥയിലായ ഡ്രെയിനേജ് പദ്ധതികൾ

*436. ശ്രീ. വർക്കല കഹാർ :
പ്രൊഫ. എ.ഡി. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റി ആരംഭിച്ച എത്ര ഡ്രയിനേജ് പദ്ധതികളുടെ പണി സ്തംഭനാവസ്ഥയിലായിട്ടുണ്ട് ;

(ബി) ഏതിന്റെയെല്ലാം പണിയാണ് സ്തംഭനാവസ്ഥയിലായിട്ടുള്ളത് ;
(സി) ഇവയ്ക്കുവേണ്ടി ഇതുവരെ എന്തു തുക മുടക്കിയിട്ടുണ്ട്;
(ഡി) ഇവയുടെ പണി എന്നേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;
(ഇ) ഇവയുടെ പണി സ്തംഭനാവസ്ഥയിലാകുന്നതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ ;
(എഫ്) ഇവയുടെ പണി എന്നേക്ക് പൂർത്തിയാകും ?

**<u>ഉത്തരം</u>**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) 3 ഡ്രെയിനേജ് പദ്ധതികളുടെ പണി സ്തംഭനാവസ്ഥയിലായിട്ടുണ്ട്.
(ബി) കൊല്ലം, ഗുരുവായൂർ, കോഴിക്കോട്, ഡ്രെയിനേജ് പദ്ധതികളുടെ പണി .
(സി) കൊല്ലം സ്വീവറേജ് പദ്ധതി - 437 ലക്ഷം രൂപ
ഗുരുവായൂർ ,, ,, 72.99 ലക്ഷം രൂപ
കോഴിക്കോട് ,, ,, 371.27 ലക്ഷം രൂപ

(ഡി)(ഇ)&(എഫ്) കൊല്ലം സ്വീവറേജ് പദ്ധതിയ്ക്കാവശ്യമായിവരുന്ന മാലിന്യ ശുദ്ധീകരണശാലയ്ക്കുവേണ്ടിയുള്ള സ്ഥലം ലഭ്യമല്ലാതിരുന്നതുമൂലവും ഫണ്ടിന്റെ അപര്യാപ്തതമൂലവുമാണ് പ്രവർത്തികൾ സ്തംഭനാവസ്ഥയിലായത്.

ആവശ്യമായ സ്ഥലവും ഫണ്ടും ലഭിക്കുന്നതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തുക പ്രകാരം പദ്ധതി 2006-ൽ തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഗുരുവായൂർ സ്വീവറേജ് പദ്ധതിയുടെ പണി 1975-ലാണ് തുടങ്ങിയത്. പദ്ധതി പ്രദേശത്ത് സ്വീവേജ് പൈപ്പുലൈൻ സ്ഥാപിക്കുകയും പമ്പുഹൗസുകൾ, പമ്പിംഗ് മെയിൻ എന്നിവയുടെ പണി 90% പൂർത്തിയാക്േകുകയും ചെയ്തു. എന്നാൽ സ്ഥലവാസികളുടെ പ്രതിഷേധംമൂലം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല. 1999-ൽ ഗവൺമെന്റ് തീരുമാനപ്രകാരം പ്ലാന്റിന്റെ പണി തുടങ്ങുവാൻ തീരുമാനിച്ചു. എന്നാൽ മണ്ണു പരിശോധനയിൽ റാഫ്റ്റ് ഫൗണ്ടേഷൻ മാറ്റി പൈൽ ഫൗണ്ടേഷൻ ആക്കണമെന്ന് ആർ.ഇ.സി. കോഴിക്കോട് അറിയിച്ചതനുസരിച്ച് ഇതിനായി വേണ്ടിവരുന്ന 87.6 ലക്ഷം രൂപ കരാറുകാരന് അധികമായി നൽകേണ്ടതുകൊണ്ട് സർക്കാരിന്റെ അനുമതിക്ക് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അനുമതി ലഭിച്ച് പണി തുടങ്ങിയാൽ 18 മാസം കൊണ്ട് പൂർത്തിയാക്കാവുന്ന ഈ പദ്ധതി 2005 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് സ്വീവറേജ് പദ്ധതിക്കായി ട്രീറ്റ്മെന്റ് പ്ലാന്റിനായി 90 ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേക്ക് റോഡും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് 1973-ൽ ഭരണാനുമതി ലഭിച്ചെങ്കിലും പദ്ധതി നടപ്പിലാക്കാൻ 1980-ലാണ് എൽ.ഐ.സി.യിൽ നിന്നും ധനസഹായം ലഭിച്ചത്. 1980-ൽ തന്നെ പ്രവർത്തികൾ തുടങ്ങുകയും ചെയ്തു. ആകെ 120 കിലോ മീറ്റർ നീളത്തിൽ 150 മി,മീ. മുതൽ 1000 മി.മീ. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുവാനുള്ളതിൽ 17 കി.മീ. നീളത്തിൽ വിവിധ റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുകയും ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 4 ഏക്കറോളം സ്ഥലം മണ്ണിട്ട് നികത്തി എടുക്കുകയും ചെയ്തിട്ടുണ്ട്. 1986-ൽ പദ്ധതിക്കുള്ള ധനസഹായം നിലച്ചു. പിന്നീട് 1992-ൽ ലോകബാങ്കിന്റെ സഹായത്തോടെ കേരള അർബൻ ഡെവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്താൻ ശ്രമം നടത്തിയെങ്കിലും ലോകബാങ്ക് മേൽപ്പറഞ്ഞ പദ്ധതിക്ക് ധനസഹായം നൽകിയില്ല. കോഴിക്കോട് സ്വീവറേജ് സ്കീം പൂർത്തീകരിക്കുവാൻ ആവശ്യമായ ധനസഹായം ലഭിക്കാത്തതിനാൽ പദ്ധതിയിപ്പോൾ നിശ്ചലാവസ്ഥയിലാണ്. ഇതിന്റെ ബാക്കിയുള്ള പ്രവർത്തികൾക്കായി ഏതാണ്ട് 140 കോടിരൂപ വേണ്ടിവരുമെന്ന് കരുതുന്നു. ഇതു പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ഒരു പുതിയ സാങ്കേതിക രൂപരേഖ തയ്യാറാക്കേണ്ടതാണ്. പദ്ധതിക്കായി ധനസഹായവും ലഭ്യമാക്കേണ്ടതുണ്ട്. ആയതുകൊണ്ട് പദ്ധതിയുടെ ടാർജറ്റ് തീയതി നിശ്ചയിച്ചിട്ടില്ല.

## <u>സിൽവോ ഫിഷറീസ് പദ്ധതിയും കണ്ടൽ വന സംരക്ഷണവും</u>

*437. ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം നൽകുമോ:

(എ) കേരളത്തിലെ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;
(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;
(സി) സിൽവോ ഫിഷറീസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;
(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

**<u>ഉത്തരം</u>**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.
(ബി) ഇല്ല.

(സി) ഉണ്ട്

(ഡി) കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പരിസ്ഥിതിക്ക് ഹാനി സംഭവിക്കാതെ തന്നെ മത്സ്യസമ്പത്തു സംരക്ഷിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ഏജൻസിയായ ഫിർമ ഇക്കാര്യത്തെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**ജപ്പാൻ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയെപ്പറ്റിയുള്ള പഠനം**

*438. ശ്രീ. ടി.കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പഠനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഏതെല്ലാം പദ്ധതികളെക്കുറിച്ച് ഏതെല്ലാം സ്ഥാപനങ്ങളാണിപ്പോൾ വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പഠനങ്ങൾ പൂർത്തിയാകുമ്പോൾ പദ്ധതികളുടെ എസ്റ്റിമേറ്റ് തുക കൂടുവാനോ കുറയുവാനോ സാദ്ധ്യതയുള്ളതായി കരുതുന്നുണ്ടോ ;

(ഡി) വാട്ടർ സപ്ളൈ ഇംപ്രൂവ്മെന്റ് പദ്ധതികലുടെ ഭാഗമായി പുതിയ ജല ശുദ്ധീകരണശാലകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; നിലവിലുള്ള എല്ലാ ജലസംഭരണികളും ഇപ്പോൾ പൂർണ്ണമായും പ്രയോജനപ്പെടുന്നുണ്ടോ ;

(ഇ) നിർദ്ദിഷ്ട പദ്ധതികളുടെ സാദ്ധ്യത നിശ്ചയിക്കുന്നതിലും നിർമ്മാണത്തിലും നിർദ്ദിഷ്ട കൺസൾട്ടൻസി കമ്പനിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും വിശദമാക്കാമോ ;

(എഫ്) കൺസൾട്ടൻസിയുമായി കരാർ ഒപ്പ് വച്ചിട്ടുമ്ടോ; ജെ.ബി.ഐ.സി.യുടെ അംഗീകാരം ലഭിക്കുന്നതിന് മുമ്പേ എഗ്രിമെന്റ് ഒപ്പുവച്ചത് എന്തുകൊണ്ടാണ്; എഗ്രിമെന്റിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) & (ബി) ഇല്ല. ജെ.ബി.ഐ.സി.യുടെ വായ്പാ അനുമതിക്കുവേണ്ടി കേരള വാട്ടർ അതോറിട്ടി സമർപ്പിച്ചിരുന്ന ഫീസിബിലിറ്റി റിപ്പോർട്ടുകൾ കൺസൾട്ടന്റിന്റെ നിയമനം കഴിഞ്ഞശേഷം വിശദമായ പഠനം നടത്തി റിവ്യൂ ചെയ്ത് പ്രോജക്ട് റിപ്പോർട്ടുകൾക്ക് അവസാനരൂപം നൽകേണ്ടതുണ്ട്.

(സി) ഇപ്പോൾ കരുതുന്നില്ല.

(ഡി) പുതിയ ജലശുദ്ധീകരണശാലകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ചേർത്തല പദ്ധതിയുടെ പരിധിയിലുള്ള ചേർത്തല തെക്ക് വില്ലേജിലേയും തൈക്കാട്ടുശ്ശേരി, പെരുമ്പളം എന്നീ പഞ്ചായത്തുകളിലേയും ജലസംഭരണികളൊഴികെ മറ്റെല്ലാ സംഭരണികളും ഇപ്പോൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഇ) സാദ്ധ്യതാ പഠന റിപ്പോർട്ടുകൾ പരിശോധിക്കുക, വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കുക, വിവിധതരം സർവ്വേകൾ നടത്തുക, ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതും പരിശോധിക്കുന്നതും സംബന്ധിച്ച ജോലികൾ, നിർമ്മാണ പ്രവർത്തനങ്ങലുടെ മേൽനോട്ടം, കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള സേവനങ്ങൾ (ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രങ്ത്തനിംഗ്) നൽകുക, വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, പൊതുവായ നിർദ്ദേശങ്ങൾക്കുള്ള സേവനങ്ങൾ (ജനറൽ അഡ്വൈസറി സർവ്വീസ്) തുടങ്ങിയവയാണ് കൺസൾട്ടന്റിന്റെ പ്രധാന ചുമതലകൾ.

(എഫ്) കൺസൾട്ടൻസി കരാർ നൽകാൻ തീരുമാനിച്ച ടോക്കിയോ എഞ്ചിനീയറിംഗ് കൺസോർഷ്യവും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ കൺസൾട്ടൻസി കരാർ ഒപ്പു വച്ചിട്ടുണ്ട്. ജെ.ബി.ഐ.സി.യുമായുള്ള വായ്പ കരാർ (ലോൺ എഗ്രിമെന്റ്) പ്രകാരമാണ് കൺസൾട്ടൻസിക്കുള്ള കരാർ ഒപ്പുവച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ അനുസരിച്ച് കോൺട്രാക്ട് നെഗോസിയേഷൻ പൂർത്തിയാക്കി കൺസൾട്ടൻസിക്കുവേണ്ടി കരാർ ഒപ്പു വച്ചതിനുശേഷമാണ് അതിന്റെ 'സർട്ടിഫൈഡ് കോപ്പി' ജെ.ബി.ഐ.സി.യുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ ആ വിവരം കൺസൾട്ടന്റിനെ അറിയിക്കുന്നതു മുതലാണ് കരാർ പ്രാബല്യത്തിൽ വരുന്നത്. ജെ.ബി.ഐ.സി.യുടെ അംഗീകാരം കിട്ടിയിട്ടില്ലാത്തതിനാൽ കൺസൾട്ടൻസി കരാർ ഇതേവരെ പ്രാബല്യത്തിൽ വന്നിട്ടില്ല.

**ഉൾനാടൻ മത്സ്യബന്ധന പദ്ധതികൾ**

*439. ശ്രീ. വി.കെ.സി. മമ്മതുകോയ :
ശ്രീ. സാജു പോൾ :
ശ്രീ. ഡോ. തോമസ് ഐസക് :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിലതു സംബന്ധിച്ച പദ്ധതികൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ആവശ്യം മുൻനിർത്തി ഒരു നിയമനിർമ്മാണം നടത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ ;

(സി) നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഉൾനാടൻ മത്സ്യബന്ധനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവന്ന പരിപാടികൾ മുന്നോട്ടു കൊണ്ടുപോകാൻ സർക്കാർ തയ്യാറാകുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

1. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 10 ജലസംഭരണികളിൽ ശാസ്ത്രീയ മത്സ്യകൃഷി നടപ്പാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിച്ചു വരുന്നു.
2. മത്സ്യ കർഷകർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതിന് ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും ശുദ്ധജല മത്സ്യകൃഷി വികസിപ്പിക്കുന്നതിന് മത്സ്യ കർഷക വികസന ഏജൻസികളും 6 ജില്ലകളിൽ ഓരുജല മത്സ്യ കർഷക വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു.
3. മത്സ്യസമ്പത്തു വർദ്ധിപ്പിക്കുന്നതിനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളേയും ചെമ്മീൻ കുഞ്ഞുങ്ങളേയും ഉൽപ്പാദിപ്പിക്കുന്നതിനായി ഫിഷ് ഫാമുകളും ഹാച്ചറികളും പ്രവർത്തിച്ചുവരുന്നു.
4. വർക്കലയ്ക്കടുത്ത് ഓടയത്ത് പുതിയ ഒരു ചെമ്മീൻ ഹാച്ചറി സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.
5. നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കോട്ടയം ജില്ലയിലെ പള്ളത്ത് ഒരു ഫിഷ്ഫാം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.
6. എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംയോജിത ചെമ്മീൻകൃഷി നടത്തി ചെമ്മീൻ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി 'അഡാക്ക്' മുഖേന നടപ്പിലാക്കി വരുന്നു.
7. കുട്ടനാടൻ പാടശേഖരങ്ങളിൽ ചെമ്മീൻ കൃഷി പരിപോഷിപ്പിച്ച് സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും 'അഡാക്ക്' നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) ഉൾനാടൻ മത്സ്യ മേഖലയിൽ 1897-ലെ ഇന്ത്യൻ ഫിഷറീസ് ആക്ട്, 1897-ലെ സെൻട്രൽ ആക്ട് 4, 1927-ലെ ഇന്ത്യൻ ഫിഷറീസ് ആക്ട്, 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ട് എന്നിവ നിലവിലുണ്ട്. മലബാർ പ്രദേശത്ത് 1927-ലെ ഇന്ത്യൻ ഫിഷറീസ് ആക്ടും തിരു-കൊച്ചി ഭാഗങ്ങളിൽ 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ടുമാണ് നിലവിലുള്ളത്. ഇവ ഏകീകരിക്കുന്നതിനും പുതിയ മത്സ്യ കൃഷി രീതികൾ നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനും ഒരു സമഗ്ര ഉൾനാടൻ മത്സ്യബന്ധന നിയമത്തിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രവർത്തനക്ഷമതയും ലക്ഷ്യപ്രാപ്തിയും വിലയിരുത്തി ഇപ്പോഴും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

## വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് നടപടി

*440. ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലവിഭവശേഷി നഷ്ടപ്പെടാതെ നിലനിർത്തുന്നതിനായി എന്തെങ്കിലും മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ നിലവിലുണ്ട് ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) ജലസ്രോതസ്സുകളിലെ ജലവിഭവ ശേഷി കുറയുന്നത് കുറയ്ക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്..

(ബി) ശുദ്ധജലവിതരണ പദ്ധതികളുടെ സ്രോതസ്സായിട്ടുള്ള നദികൾ, തോടുകൾ ഇവയിൽ തടയണ കെട്ടി ജലം സംഭരിച്ച് നിറുത്തുന്നതിനുവേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നുണ്ട്. മഴവെള്ളം സംഭരിച്ച് കുടിവെള്ളത്തിന് ഉപയോഗിക്കുന്ന 'വർഷ' പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വീടുകളുടെ മേൽക്കൂരകളിൽ നിന്നും മഴവെള്ളം ശേഖരിച്ചു നിറുത്തി ഭൂമിക്കടിയിലേക്ക് താഴ്ന്നിറങ്ങുന്നതിനും കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കുന്ന തരത്തിലും 'മഴവെള്ളക്കൊയ്ത്ത്' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, തിരുവനന്തപുരം, പാലക്കാട്, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര ഭൂജല ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്..

(സി) കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുലൈനുകളിൽ വെള്ളം ലീക്കു ചെ.യ്യുന്നത് ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ അത് റിപ്പയർക്ക് ഇല്ലാതാക്കുവാനും ആ പൈപ്പുകൾക്കു പകരം പുതിയവ സ്ഥാപിച്ച് ലീക്ക് ഇല്ലാതാക്കുവാനും, നടപടികൾ എടുക്കുന്നുണ്ട്. ജലം ദുർവിനിയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആ വാട്ടർ കണക്ഷൻ വിച്ഛേദിക്കുവാനും നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, ജലദുർവിനിയോഗം തടയുന്നതിന് ഉതകുന്ന തരത്തിൽ ജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുകൾ/മുൻസിപ്പാലിറ്റികൾ മുഖേന സംഘടിപ്പിക്കാറുണ്ട്.

## ആദിവാസികൾക്ക് തൊഴിലും ചികിത്സാസൗകര്യവും നടപടി

*441. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. കെ.വി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക
പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വ്യാപിച്ചുവരുന്ന പട്ടിണിയും രോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ആദിവാസി മേഖലകളിൽ ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ആദിവാസി കോളനികളിൽ വർദ്ധിച്ചുവരുന്ന പകർച്ചവ്യാധിയും രോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആദിവാസി കോളനികളിൽ പ്രത്യേക ചികിത്സാ സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി):-**

(എ) ദാരിദ്ര്യവും രോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസികൾക്ക് തൊഴിലില്ലായ്മ രൂക്ഷമാകുന്ന വർഷകാലത്ത് ഫുഡ്സപ്പോർട്ട് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി അനുസരിച്ച് ജൂൺ മുതൽ സെപ്റ്റംബർവരെയുള്ള മാസങ്ങലളിൽ പച്ചക്കറി കൃഷി, മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ, കാർഷിക വികസന പരിപാടികൾ, പരിസര ശുചികരണ പ്രവർത്തനങ്ങൽ, നടപ്പാത നിർമ്മാണം മുതലായ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുകയും പ്രസ്തുത ജോലി ചെയ്യുന്നതിന് പണവും ഭക്ഷണവും നൽകുകയും ചെയ്യുന്നു. ഗ്രാമവികസന വകുപ്പുമായി സഹകരിച്ച് എസ്.ജി.ആർ.വൈ പദ്ധതിപ്രകാരം ഫുഡ് ഫോർ വർക്ക് പ്രോഗ്രാം, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻവഴി ധാന്യബാങ്ക് പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇവയൊന്നും ലഭ്യമല്ലാത്തിടത്ത് സൗജന്യറേഷനും അനുവദിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മൊബൈൽ ഹെൽത്ത് ക്ളിനിക്കുകളുടേയും അലോപ്പതി/ ആയുർവേദ ഡിസ്പെൻസറികളിലൂടെയും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള മൊബൈൽ ക്ളിനിക്കുകൾ ഹോസ്പിറ്റലുകൾ, ഡിസ്പെൻസറികൾ എന്നിവയ്ക്കു പുറമെ വയനാട് ഹെൽത്ത് പ്രോജക്ടിന്റെ കീഴിലുള്ള ആശുപത്രികൾ എന്നിവയിലൂടേയും ആവശ്യമായ ചികിത്സാ സൗകര്യം ഏർപ്പെടുത്തി വരുന്നു. ഈ അടുത്ത കാലത്ത് യു.എൻ.എഫ്.ഡി.എ.യുടെ കീഴിലുള്ള മൈനർ സർജറി ഉൾപ്പെടെ അത്യാധുനിക സൗകര്യമുള്ള 8 മൊബൈൽ ക്ളിനിക്കുകൾ വഴി ചികിത്സാസൗകര്യം ഏർപ്പെടുത്തിവരുന്നു.

വയനാട്, പാലക്കാട്, മേഖലകളിൽ ചികിത്സക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. കടുത്ത രോഗം ബാധിച്ചവരെ ആശുപത്രികളിൽ എത്തിക്കുന്നതിന് ആംബുലൻസ് /വാഹനസൗകര്യവും ചികിത്സക്ക് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായവും നൽകുന്നുണ്ട്.

## ഇലക്ട്രോണിക് മീറ്റർ നിർമ്മാണശാല സ്ഥാപിക്കണമെന്ന ആവശ്യം

*442. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇപ്പോൾ ഇലക്ട്രോണിക് മീറ്ററുകൾ മാത്രമാണോ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരു വർഷം ഇത്തരം എത്ര മീറ്ററുകൾ ബോർഡിന് ആവശ്യമായിട്ടുണ്ട് ;

(സി) ബോർഡിന്റെ ആവശ്യം കണക്കിലെടുത്ത് ഒരു ഇലക്ട്രോണിക് മീറ്റർ നിർമ്മാണശാല സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

**<u>ഉത്തരം</u>**
**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):**

(എ) ഇപ്പോൾ പുതിയതായി വാങ്ങുന്ന ഇലക്ട്രോണിക് മീറ്ററുകളും റിപ്പയർ ചെയ്തുവരുന്ന ഇലക്ട്രോ-മെക്കാനിക്കൽ മീറ്ററുകളും ഉപയോഗിച്ചുവരുന്നു.

(ബി) ഒരു വർഷം എട്ടു ലക്ഷത്തോളം പുതിയ മീറ്ററുകൾ ആവശ്യമായി വരുന്നുണ്ട്.

(സി) സർക്കാർ ഉടമസ്ഥതയിലുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കൊല്ലം, ഇലക്ട്രോണിക് മീറ്ററും ഉണ്ടാക്കുന്നുണ്ട്. പുതിയ നിർമ്മാണശാല സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

## <u>നിയമനം നടത്തുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച പുതിയ വ്യവസ്ഥകൾ</u>

443. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
ശ്രീ കെ.കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ഒഴിവുണ്ടാകുമ്പോൾ നിയമനം നടത്തുന്നത് സംബന്ധിച്ച് ബോർഡ് പുതിയ വ്യവസ്ഥകൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടൊ;

(ബി) ഇനി ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവുകളിൽെക്ക് പി.എസ്.സി വഴി നിയമനം നടത്തേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഒഴിവുകളുണ്ടാകുമ്പോൾ പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ഉണ്ടായിരിക്കേ ബോർഡ് താത്ക്കാലിക നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും അതേ ഉത്തരവിൽ കൂടികന്നെ പിരിച്ചുവിടുകയും ചെയ്ത നടപടി ബോർഡിൽ ഉണ്ടായിട്ടുണ്ടൊ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ച് ഉടൻ പിരിച്ചുവിടുകയുണ്ടായി ?

**<u>ഉത്തരം</u>**
**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)**

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഇല്ല.
(ഡി) ഉണ്ട്. അസിസ്റ്റന്റ് എൻജിനീയർ (സിവിൽ)-114, ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ-291, ഡ്രൈവർ-185 ഈ മൂന്നു കാറ്റഗറികളിൽ ഇത്രയും ചേർന്ന് ഹൈക്കോടതി ഉത്തരവ് പ്രകാരം നോഷണൽ അപ്പോയിന്റ്മെന്റ് നൽകിയശേഷം വേക്കൻസിയുടെ അഭാവംകൊണ്ട് റിട്രെഞ്ച് ചെയ്യുകയുണ്ടായി.

## <u>ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് നടപടി</u>

444. ശ്രീ. ജോണി നെല്ലൂർ
ശ്രീ ഉമേഷ് ചള്ളിയിൽ
ശ്രീ കെ.കെ. ഷാജു
ശ്രീ ഷിബു ബേബി ജോൺ
ശ്രീ എ.എൻ. രാജൻ ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റുസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ സന്ദർശനത്തിനെത്തുന്ന വിനോദ സഞ്ചാരികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണം വിശദമാക്കുമോ;

(സി) ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഇല്ല. എന്നാൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ ഹോട്ടലുകളിൽ നിന്നും അംഗീകരിക്കപ്പെട്ട ഹോംസ്റ്റേയ്സ്, ഹൗസ് ബോട്ടുകൾ മുതലായ താമസസ്ഥലങ്ങളിൽ നിന്നും സ്ഥിതിവിവരക്കണക്ക് ടൂറിസം വകുപ്പ് ശേഖരിച്ചുവരുന്നു.

(ബി) കഴിഞ്ഞവർഷം (2202) ഏകദേശം 55,68,256 ആഭ്യന്തര വിനോദ സഞ്ചാരികൾ കേരളത്തിൽ എത്തിയതായി കണക്കാക്കപ്പെടുന്നു.

(സി) ദേശീയ ടൂറിസം മേളകളിൽ പങ്കെടുത്തും പ്രധാന സഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചും ദൃശ്യ-മാധ്യമങ്ങളിൽ പ്രചരണം നടത്തിയും ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടർ മുഖേന ടൂറിസ്റ്റുകൾക്കാവശ്യമുളള വിവരങ്ങൾ നൽകിയും(ലഘുലേഖകൾ,സി.ഡി.കൾ, സി.ഡി. റോമുകൾ) വെബ്സൈറ്റ്, ടോൾഫ്രീ ഫോൺ എന്നിവ മുഖേനയും ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് നടപടികൾ എടുത്തുവരുന്നുണ്ട്.

## ഭൂഗർഭ അണകൾ കൊണ്ടുളള പ്രയോജനങ്ങൾ

445. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
ശ്രീ ഇ.എം. അഗസ്തി
ശ്രീ എൻ. ശക്തൻ
ശ്രീ ടി.യു. രാധാകൃഷ്ണൻ
ശ്രീ.പി.ജെ. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ഭൂഗർഭ അണകൾ കെട്ടിയിട്ടുണ്ട്;

(ബി) ഭൂഗർഭ അണകൾകൊണ്ടുളള പ്രയോജനങ്ങൾ എന്തെല്ലാമാണ്; കൂടുതൽ ഭൂഗർഭ അണകൾ കെട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയെല്ലാമായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് ( ജലവിഭവ വകുപ്പുമന്ത്രി)**

(എ) തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിലും പാലക്കാട് ജില്ലയിലെ കോമുട്ടിച്ചെളള പഞ്ചായത്തിലും ഓരോ സബ്സർഫസ് ഡെക്കും, കാസർഗോഡ് ജില്ലയിലെ പെരുപളയിൽ ഒരു തടയണയും ഭൂജലവകുപ്പ് കെട്ടിയിട്ടുണ്ട്.

(ബി) പാറപ്രദേശങ്ങളിലും ചരിഞ്ഞ ഭൂപ്രകൃതിയുളള പ്രദേശങ്ങളിലും മഴപെയ്ത് ഒഴുകിപാഴായിപ്പോകുന്ന ജലത്തെ തടഞ്ഞുനിർത്തി ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നതിന് ഭൂഗർഭ അണകൾ ഉപയുക്തമാകുന്നുണ്ട്. കേന്ദ്ര സഹായത്തോടെ കൂടുതൽ ഭൂഗർഭ അണകൾ കെട്ടുവാനാണ് ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നത്. വിശദമഴായ പഠനം നടത്തി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഭൂഗർഭ അണകൾ നിർമ്മിക്കുവാനാണ് ഭൂജലവകുപ്പ് ലക്ഷ്യമിട്ടിട്ടുളളത്. കൃത്യമായ സ്ഥലങ്ങൾ നിശ്ചയിച്ചിട്ടില്ല.

## മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങളിൽപ്പെട്ടു മരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം

446. ശ്രീ. എം.എ. ചന്ദ്രശേഖരൻ
ശ്രീ ലൂഡി ലൂയിസ്
ശ്രീ ഡി.സുഗതൻ: : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതസ്യബന്ധനത്തിനിടയിൽ അപകടങ്ങളിൽപ്പെട്ട് മരിക്കുന്നവരുടെ ആശ്രിതർക്ക് ഗവൺമെന്റ് എന്ത് ധന സഹായം നൽകിവരുന്നു;

(ബി) മത്സ്യബന്ധനത്തിന് പോകുന്നവരെ ഇൻഷ്വര്ർ ചെയ്യാറുണ്ടോ; അതിന്റെ പ്രീമീയം നൽകുന്നത് ആരാണ്;

(സി) മത്സ്യത്തൊഴിലാളികളുടെ ഇൻഷുറൻസ് തുക മത്സ്യഫെഡോ മത്സ്യത്തൊഴിലാളി ക്ഷേമനിധിയോ നൽകുന്നതിനുളള ഒരു പരിപാടിക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) മത്സ്യ ബന്ധനത്തിനിടയിൽ മരണമടയുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിപ്രകാരം ഒരു ലക്ഷം രൂപ ധന സഹായം നൽകിവരുന്നു.

(ബി) ഉണ്ട് . കേന്ദ്രവിഷ്കൃത പദ്ധതിപ്രകാരം സംസ്ഥാന സർക്കാർ ബജറ്റ് വിഹിതം ഉപയോഗിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നത്.

(സി) ഇൻഷ്വറൻസ് കമ്പനികൾ 10.09.2002 മുതൽ പ്രീമിയം നിരക്കിൽ വൻ വർദ്ധന വരുത്തിയിരിക്കുകയാണ്. അതിനാൽ 10.09.2002 മുതൽ ഇൻഷ്വറൻസ് പുതുക്കുകയുണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് കമ്പനികളുമായി സർക്കാർ തലത്തിൽ ചർച്ച നടന്നുവരുന്നു.

ഇൻഷ്വറൻസ് പുതുക്കുന്നതു സംബന്ധിച്ച് അന്തിമതീരുമാനം ഉണ്ടാകുന്നതുവരെ ഇൻഷ്വറൻസ് പദ്ധതിപ്രകാരം ധന സഹായം നൽകുന്ന അതേ നിരക്കിലും നിബന്ധനയിലും 10.09.2002 മുതൽ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ മത്സ്യബോർഡ് തീരുമാനം എടുത്തിട്ടുണ്ട്.

## പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ സാധനങ്ങൾ സപ്ളൈ ചെയ്യുന്നവർക്ക് നൽകാനുള്ള തുക

447.ശ്രീ. കെ. മോഹൻ കുമാർ
ശ്രീ എ.കെ. മണി
ശ്രീ വി.ഡി. സതീശൻ
പ്രൊഫ. സാവിത്രി ലക്ഷ്മണൻ
ശ്രീ.എം.കെ. പോൾസൺ മാസ്റ്റർ: : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക്ക്, പോസ്റ്റ് -മെട്രിക്ക് ഹോസ്റ്റലുകളിൽ സാധനങ്ങൾ സപ്ളൈ ചെയ്യുന്നവർക്ക് യഥാസമയം അതിന്റെ വില കൊടുക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം സാധനങ്ങളുടെ വില കൊടുക്കാത്തതുകൊണ്ട് സാധനം ലഭിക്കാതെ വരാറുണ്ടോ;

(സി) അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ അന്തേവാസികൾക്ക് ഭക്ഷണം കൊടുക്കുന്നത് എപ്രകാരമാണ് എന്ന് വിവരിക്കാമോ;

(ഡി) ഇപ്പോൾ എല്ലാ ഹോസ്റ്റലുകളിലുമായി സാധനങ്ങൾ സപ്ളൈ ചെയ്യുന്നവർക്ക് എന്തു തുക കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി)**

(എ) ഉണ്ട്. പട്ടിക ജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഇപ്പോൾ ബ്ളോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയിട്ടുണ്ട്. ഇവിടങ്ങളിലെ വിദ്യാർത്ഥികളുടെ ഭക്ഷണം, ട്യൂഷൻ എന്നീകാര്യങ്ങൾ അതാതു പ്രദേശങ്ങ്ളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്.

(ബി) ഉണ്ട്. പ്രതിമാസ സാമ്പത്തിക പരിധി (മന്തിലി സീലിംഗ്) യഥാസമയം അനുവദിച്ച് കിട്ടാത്തതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്.

(സി) അങ്ങനെയുള്ള അവസരങ്ങളിൽ നിശ്ചിത □മെനു□ അനുസരിച്ചുള്ള ആഹാരം നൽകുവാൻ കഴിയാറില്ല. ഇത്തരം സന്ദർഭങ്ങളിൽ ഹോസ്റ്റൽ വാർഡൻമാരും വകുപ്പുദ്യോഗസ്ഥരും മുൻകൈയെടുത്ത് പുതിയ ഏജൻസികളിൽ നിന്നും ഡിപ്പാർട്ടുമെന്റൽ സ്റ്റോറുകളിൽ നിന്നും കടം വാങ്ങിച്ചും ചില ജീവനക്കാർ സ്വന്തം പണം മുടക്കിയും ഭക്ഷണം മുടക്കം കൂടാതെ നൽകുന്നുണ്ട്.

(സി) പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള 18 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും കുടിശ്ശിക ഇല്ല. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 104 പ്രീമെട്രിക് ഹോസ്റ്റലുകളിലായി 45.82 ലക്ഷം രൂപ കുടിശ്ശിക ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുണ്ടായിരുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ ഭക്ഷണം, ട്യൂഷൻ തുടങ്ങിയവ പൂർണ്ണമായും അതാതു പ്രദേശങ്ങളിലെ തദ്ദെശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്.

## വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിന് നടപടി

448.ശ്രീ.ടി.കെ. ദേവകുമാർ
ശ്രീ കോടിയേരി ബാലകൃഷ്ണൻ
ശ്രീ വി.കെ. ചന്ദ്രൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ജലമേഖലയിൽ സ്വകാര്യ സംരംഭകർക്ക് അവസരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലമേഖലയിലെ ബഹുരാഷ്ട്ര കമ്പനികളുടെ എന്തെല്ലാം പുതിയ സംരംഭങ്ങൾക്കാണ് ഇപ്പോൾ അനുവാദം നൽകാനുദ്ദേശിക്കുന്നത്;

(സി) കുടിവെള്ളം സ്വകാര്യവത്ക്കരിക്കപ്പെട്ട രാജ്യങ്ങളിൽ വൻവിലകൊടുത്ത്കൊണ്ടാണ് ജനങ്ങൾ കുടിവെള്ള ആവശ്യം നിവേറ്റുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിക്കുണ്ടൊ;

(ഡി) കേരളത്തിന്റെ ജലസമ്പത്ത് വിൽക്കാനുള്ള ശ്രമങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന പ്രതിഷേധങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വാട്ടർ അതോറിറ്റിയെ പൊതുമേഖലയിൽ ശക്തിപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ ജലാവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതികൾക്ക് രൂപം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. ടി.എം. ജേക്കബ് ( ജലവിഭവ വകുപ്പുമന്ത്രി)**

(എ) സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കൊച്ചി വ്യവസായ ജലവിതരണ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ഇപ്പോൾ അനന്തര നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഇപ്രകാരം ഒരു നിർദ്ദെശവും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) കേരളത്തിന്റെ ജലസമ്പത്ത് വിൽക്കാനുള്ള ശ്രമങ്ങളൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

**<u>വൈദ്യുതു ബോർഡിനുവേണ്ടി കെസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം</u>**

449.ശ്രീ. തമ്പാനൂർ രവി: : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിനുവേണ്ടി കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേസുകൾ കൈകാര്യം ചെയ്യാൻ ചുമതല ഏറ്റെടുത്തവർ അത് തൃപ്തികരമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇവ അപര്യാപ്തമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം ബോർഡിനുണ്ടാകുന്ന ലാഭനഷ്ടങ്ങൾ പരിശോധിച്ച് പുന:ക്രമീകരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്ദ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ്െ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)**

(എ) സംസ്ഥാന വൈദ്യുതി ബോർഡിനുവേണ്ട് കേസുകൾ കൈകാര്യം ചെയ്യുന്നതിനായി കേരളത്തിലെ മിക്ക കോടതികളിലും പ്രത്യേകം അഭിഭാഷകരെ നിയമിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനായി പ്രത്യേകം അഭിഭാഷകരെ നിയോഗിക്കാത്ത കോടതികളിൽ സർക്കാർ അഭിഭാഷകരുടെ സേവനമാണ് ഉപയോഗിക്കുന്നത്. ചില ജില്ലാ ആസ്ഥാനങ്ങളിൽ ഒന്നിൽ കൂടുതലും, ഹൈക്കോടതിയിൽ രണ്ടും അഭിഭാഷകരെ ബോർഡിന്റെ കേസുകൾ കൈകാര്യം ചെയ്യുവാൻ നിയമിച്ചിട്ടുണ്ട്.

ഹൈക്കൊടതിയിലെ കേസുകൾ നടത്തുന്നതിന് അഭിഭാഷകരെ സഹായിക്കുന്നതിനായി കൊച്ചിയിൽ ഒരു ലീഗൽ ലെയ്സൺ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാര്യ വിവരങ്ങൾ ബോർഡിന്റെ ഇതര ഓഫീസുകളിൽ നിന്നു ശേഖരിക്കുന്നതിനും, ഇവ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, ആവശ്യമായ കൂടുതൽ വിവരങ്ങളും, മറ്റ് അനുബന്ധ ഉത്തരവുകളും ചട്ടങ്ങളും ശേഖരിച്ച് കാര്യവിവരങ്ങളോട് ചേർത്ത് അഭിഭാഷകരിൽ എത്തിക്കുന്നതിനായി വൈദ്യുതി ബോർഡിന്റെ കോർപ്പറേറ്റ് ഓഫീസിൽ, ജില്ലാ ജഡ്ജിയുടെ റാങ്കിലുള്ള ലീഗൽ ആന്റ് ഡിസിപ്ളിനറി എൻക്വയറിഓഫീസർ തലവനായുള്ള ഒരു ലാ സെക്ഷൻ പ്രവർത്തിക്കുന്നു. കേസുകളുടെ വിധി വരുമ്പോൾ അവ വിശദമായി പരിശോധിച്ച് വിധി നടപ്പാക്കണമോ എന്ന നിർദ്ദേശവും പ്രസ്തുത ലാ സെക്ഷനിൽ നിന്നും നൽകുന്നു. ചില അവസരങ്ങളിൽ സിനിയർ അഭിഭാഷകരുടെ നിയമ ഉപദേശവും സേവനവും വൈദ്യുതി ബോർഡ് ഉപയോഗിക്കാറുണ്ട്.

(ബി) കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിയൊഗിച്ച അഭിഭാഷകരുടെ കാലാവധി ഒരു വർഷമാണ്. അതിനുശേഷം പ്രസ്തുത അഭിഭാഷകരുടെ നിലവാരം വിലയിരുത്തി വീണ്ടും നിയമിക്കാറുണ്ട്. ഏതെങ്കിലും കേസ്സുകൾ നടത്തുന്നതിൽ വീഴ്ച വരുത്തിയാൽ അവരിൽ നിന്നും

വിശദീകരണം തേടുകയും ആവശ്യമാണന്ന് തോന്നിയാൽ അവരുടെ സേവനം അവസാനിപ്പിക്കുകയും ചെയ്യാറുണ്ട്. കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ബോർഡ് ജീവനക്കാർ എന്തെങ്കിലും വീഴ്ച വരുത്തിയാൽ ശിക്ഷണ നടപടിയും എടുക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

## പട്ടികജാതി പട്ടിക വർഗ്ഗ കമ്മീഷൻ രൂപീകരണം

450.ശ്രീ.കെ. അച്ച്യുതൻ
ശ്രീ.പി.ജെ . ജോയി
ശ്രീ എം.എ. ചന്ദ്ര ശേഖരൻ
ശ്രീ എ.കെ. മണി
ശ്രീമതി രാധാ രാഘവൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പട്ടിക ജാതി പട്ടിക വർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇത് സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊണ്ടുവോ;

(സി) എങ്കിൽ പ്രസ്തുത കമ്മീഷന് ജൂഡീഷ്യൽ അധികാരം കൊടുക്കുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്താമാക്കാമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി)**

(എ) ഉണ്ട്

(ബി) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് രൂപീകരിക്കുവാൻ ഉദ്ദേസിക്കുന്ന കമ്മീഷന് ജുഡീഷ്യൽ അധികാരം കൊടുക്കുവാൻ ഉദ്ദെശിക്കുന്നില്ല.

## ആദിവാസി ഭവന നിർമ്മാണത്തിന് ലോക ബാങ്ക് സഹായം

451.ശ്രീ. ഇ.എം. അഗസ്തി
ശ്രീ കെ.സി ജോസഫ്
ശ്രീ ടി.യു. രാധാകൃഷ്ണൻ
ശ്രീ പ്രയാർ ഗോപാലകൃഷ്ണൻ
ശ്രീ എൻ. ശക്തൻ: : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി ലോകബാണങ്കിൽ നിന്ന് സഹായം ആവശ്യപ്പെട്ടിക്കുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുക കിട്ടും;

(സി) എന്തെല്ലാം വ്യവസ്ഥകളിലാണ് ഈ തുക കിട്ടുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി)**

(എ) ഇല്ല.

(ബി) & (സി) ഉദിക്കുന്നില്ല.

## ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയിട്ടുളള പിന്നോക്ക സമുദായങ്ങൾ

452.ശ്രീ. അടൂർ പ്രകാശ്
ശ്രീ ടി.വി. ചന്ദ്രമോഹൻ
ശ്രീ ഡി.സുഗതൻ
ശ്രീ എം കെ. പോൾസൺമാസ്റ്റർ
ശ്രീ ടി.എച്ച് മുസ്തഫ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയിട്ടുളള പിന്നോക്കസമുദായങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ സമുദായത്തലെ അംഗങ്ങളുടെ കുടുംബ വരുമാനം എത്രയായിരുന്നാലും അവർ ക്രീമിലെയറിൽ പെടുമോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിന് റിസർവേഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതായ സർട്ടിഫിക്കറ്റിൽ എന്തെല്ലാം വിവരങ്ങളാണ് ഉണ്ടായിരിക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിൽ റിസർവേഷൻ കിട്ടുന്നതിന് ഇപ്പോൾ നൽകിവരുന്ന സർട്ടിഫിക്കറ്റിൽ എന്തെല്ലാം വിവരങ്ങളാണ് ചേർത്തുവരുന്നത്;

(ഇ) ഇവർക്ക് നൽകുന്ന സർട്ടിഫിട്ടറ്റിൽ കുടുംബവരുമാനം രേഖപ്പെടുത്തുന്നത് എന്തിനെന്ന് വ്യക്തമാക്കുമോ;

(എഫ്) കുടുംബവരുമാനം നിശ്ചിത തുകയിൽ കൂടിയിരുന്നാലും ഇവർ ക്രീമിലെയറിൽ പെടുകയില്ല എന്ന സർട്ടിഫിക്കറ്റ് നൽകുമോ?

**<u>ഉത്തരം</u>**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് പാരമ്പര്യമായി കുലതതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള 8 വിഭാഗങ്ങളെയും മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിട്ടുള്ള 13 ഉപജാതികളെയും ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്

(ബീ) ക്രീമിലെയറിൽപ്പെടുന്നില്ല.

(സി) പേര്, രക്ഷകർത്താവിന്റെ പേര്, മേർവിലാസം, വില്ലേജ് താലൂക്ക്, ജില്ല, മതം, ജാതി, ഉപജാതി, നോൺക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നീ വിവരങ്ങളാണ് ഉണ്ടായിരിക്കേണ്ടത്.

(ഡി) മുകളിൽ (സി) ൽ നൽകിയിട്ടുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുള്ള വിവരങ്ങളാണ് ചേർത്തുവരുന്നത്.

(ഇ) ഇവർക്കു നൽകുന്ന സർട്ടിഫിക്കറ്റിൽ കുടുംബ വരുമാനം രേഖപ്പെടുത്താറില്ല.

(എഫ്) നൽകാറുണ്ട്.

## <u>ഡാമുകളുടെ സുരക്ഷിതത്വം</u>

453. ശ്രീ .റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ ഭാഗമായ ഡാമുകളുടെ സുരക്ഷിതത്വത്തെപ്പറ്റി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അപകടാവസ്ഥയിലുള്ള ഡാമുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ജല കമ്മീഷന്റെ ഡാം സേഫ്ടി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്. വൈദ്യുത ബോർഡിന്റെ അധീനതയിലുള്ള ഡാമുകൾ, റിസർച്ച് ഓർഗനൈസേഷൻ ഡയറക്ടർ(പള്ളം), കാലാകാലങ്ങളിൽ പരിശോധന നടത്തി ഓരോ ഡാമിന്റെയും സുരക്ഷിതത്വത്തിന് വേണ്ടി സ്വീകരിക്കേണ്ട നടപടികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) ഇപ്പോൾ അപകടാവസ്ഥയിലല്ലെങ്കിലും കാലപ്പഴക്കം കാരണം ആനത്തോട്, പംപ, കുണ്ടള, എന്നീ ഡാമുകൾക്ക് സുരക്ഷിതത്വത്തിനായി ചില അറ്റകുറ്റപ്പണികൽ ചെയ്യേണ്ടതായിട്ടുണ്ട്.

(സി) ആനത്തോട്, പംപ എന്നീ ഡാമുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. :

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ആനത്തോട് ഡാമിൽ കണ്ടുവരുന്ന ചോർച്ച ഫലപ്രദമായി തടയുന്നതിന് വേണ്ട സാങ്കേതിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഇതിനുള്ള ഡിസൈൻ നൽകുക, എന്നിവ കൺസൽട്ടൻസി അടിസ്ഥാനത്തിൽ ചെയ്യാൻ കേന്ദ്ര ജലകമ്മീഷൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഇതിന് 3.43 ലക്ഷം രൂപയാണ് കേന്ദ്ര ജല കമ്മീഷന്റെ ഡാം സേഫ്റ്റി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ആവശ്യപ്പെട്ടത്.

താരതമ്യേന ചെലവ് കുറഞ്ഞ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുവാൻ ബോർഡ് ആവശ്യപ്പെട്ട സാഹചര്യത്തിൽ വൈദ്യുത ബോർഡിലെ ചീഫ് എൻജിനീയർ (ഐ.പി.ഡി.എസ്) , ഡയറക്ടർ , റിസർച്ച് ഓർഗനൈസേഷൻ, പള്ളം, മറ്റു ഫീൽഡ് എൻജിനിയർമാരോടൊപ്പം 23.6.2003 ൽ ആനത്തോട് ഡാം പരിശോധക്കുകയുണ്ടായി. പരിശോധനയിൽ ഡാമിൽ നിന്നും കൂടിയ അളവിൽ വെള്ളം ഊർന്ന് വരുന്നുണ്ടെങ്കിലും (സീപ്പേജ്) ആശങ്കാജനകമായ സ്ഥിതി വിശേഷമൊന്നുമില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

**ആദിവാസികൾക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഭൂമി വിതരണം**

454. ശ്രീ. വി.കെ.ചന്ദ്രൻ :
ശ്രീ. കെ.രാധാകൃഷ്ണൻ :
ശ്രീ.കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ.എം.വി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ ആദിവാസികൾക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഭൂമി നൽകുന്നതിനായി 25,0000 ഏക്കർ വനഭൂമി വിട്ടുതരാമെന്ന് കേന്ദ്ര സർക്കർ സമ്മതിച്ചിട്ടുണ്ടോ ;

(ബി ഭൂമി വിട്ടുകിട്ടുന്നത് സംബന്ധിച്ച് സർക്കാരിന് രേഖാമൂലം ലഭിച്ച ഉറപ്പ് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) ഏതെല്ലാം നിബന്ധനകളോട് കൂടിയാണ് ഭൂമി വിട്ടുതരാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചുട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ വീതം വിട്ടുകിട്ടുവാനായിരുന്നു കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.എ.കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി) :-**

(എ) തത്വത്തിൽ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും രേഖാമൂലം ഉറപ്പ് ലഭിച്ചിട്ടില്ല.

(സി) താഴെ പ്പറയുന്ന നിബന്ധനകളാണ് കേന്ദ്ര ഗവണ്മെന്റ് വച്ചിട്ടുള്ളത് :

എ.1. ഇതുപോലുളല ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാർ ഇനിയും വനഭൂമി ആവശ്യപ്പെടില്ലെന്ന് ഉറപ്പ് നൽകണം.

2. പാരിസ്ഥിതികമായി ദുർബലമായതും സർക്കാരിൽ നിക്ഷിപ്തമാക്കിയതുമായ ഏകദേശം 11000 ഹെക്ടർ ഭൂമി 0.4 നിരക്കിൽ വൃക്ഷസാന്ദ്രത 10 വർഷക്കാലയളവു കൊണ്ട് പരിഹാര വനവൽക്കരണം നടത്തണം.

3. ഇതിനു മേൽ വരുന്ന ഭൂമിയുടെ ഇരട്ടി (ഏകദേശം 2392 ഹെക്ടർ ) പരിഹാര വനവൽക്കരണം നടത്തണം.

4. നിർദ്ദേശിക്കപ്പെട്ട നിക്ഷിപ്ത വനഭൂമിയിലെ 30%ത്തിലധികം ചെരിവുള്ള സ്ഥലങ്ങളിൽ വനവൽക്കരണം നടത്തണം.

5. സ്വകാര്യ പാടത്തിന് നൽകിയ വനഭൂമിയുടെ വിവരവും സ്ഥിതിയും നൽകണം.

6. കേരളത്തിലെ ഭൂപരിഷ്കരണത്തിന്റെ സ്ഥിതി അറിയിക്കണം.

7. പുനരധിവസിക്കപ്പെടുന്ന ആദിവാസികളുടെ വനസംരക്ഷണവുമായി ബന്ധപ്പെട്ട

ബി.) ഇതോടനുബന്ധിച്ച് കേന്ദ്ര വനം ഉപദേശക സമിതി അംഗം ശ്രീ.എസ്.സുബ്ബരായലുവും സമിതി മെംപർ സെക്രട്ടറി ശ്രി.ബഹുഗുണയും സ്ഥലപരിശോധന നടത്തും .

(ഡി) കാസർഗോഡ് , വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ജില്ലകളിലായി 12196.6829 ഹെക്ടർ ഭൂമി വിട്ടുകിട്ടുവാനാണ് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | കാസർകോട് | 163. 4049 ഹെക്ടർ |
| 2 | കണ്ണൂർ | 181. 9470 ഹെക്ടർ |
| 3 | വയനാട് | 5606. 9583 ഹെക്ടർ |
| 4 | പാലക്കാട് | 4361. 3027 ഹെക്ടർ |
| 5 | മലപ്പുറം | 1619.4300 ഹെക്ടർ |
| 6 | കോഴിക്കോട് | 263. 6400 ഹെക്ടർ |
| | ആകെ | 12196. 6829 ഹെക്ടർ |

(ഇ) കേന്ദ്ര സംഘത്തിന്റെ പരിശോധനാവേളയിൽ ശുപാർശയിൽ ഉൾപ്പെട്ട നിബിഢ വനപ്രദേശങ്ങൾ ഒഴിവാക്കി ഇതിനു പകരമായി പ്രക്ഷീണമായ വനഭൂമിയോ നാണ്യവിളകൃഷി ചെയ്യുന്ന ഭൂമിയോ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ച പ്രകാരം അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

**<u>കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി</u>**

455. ശ്രീ. പി.ജയരാജൻ :
ശ്രീ. ടി.പി.രാമകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി.കെ.സി.മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ;

(സി) ആരംഭഘട്ടത്തിലെ പദ്ധതി അടങ്കൽ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇതിനകം എത്ര തുക പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) പദ്ധതിയുടെ അടങ്കൽതുക പിന്നീട് പുതുക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

(എഫ്) പദ്ധതിയുടെ ശേഷിക്കുന്ന പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറിനോ കോടതി വിധികൾക്കോ വിരുദ്ധമായി എന്തെങ്കിലും ആനുകൂല്യം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ജി) 100 മെഗാവാട്ടിന്റെ കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ ടെന്റർ വിളിച്ചത് എന്നാണ് ; കുറഞ്ഞ ടെണ്ടർ ഏതു കംപനിയുടേതായിരുന്നു ; ടെണ്ടർ ഉറപ്പിക്കുന്നതിന് കാലതാമസം വരുന്നത് എന്തുകൊണ്ടാമെന്ന് വെളിപ്പെടുത്താമോ ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി ) :**

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പ്രധാന വർക്കായ പടിഞ്ഞാറെത്തറയിലുള്ള മെയിൻ ഡാമിന്റെ 95% പണികളും സ്പിൻവേയുടെ 15% പണികളും പൂർത്തീകരിച്ചു.

(ബി) 1982 ജനുവരിയിൽ ആരംഭിച്ചു.

(സി) ആരംഭത്തിലെ അടങ്കൽത്തുക ഇനം തിരിച്ച് ചുവടെച്ചേർക്കുന്നു :

| | |
|---|---|
| ലാന്റ് അക്വിസിഷൻ | 488. 72 ലക്ഷം രൂപ |
| ഡാം ആൻറ് സ്പിൽ വേ | 776. 00 ലക്ഷം രൂപ |
| സാഡിൽ ഡാമുകൾ | 407. 83 ലക്ഷം രൂപ |

| | |
|---|---|
| ഡൈവേർഷൻ ടണൽ | 140 ലക്ഷം രൂപ |
| കൺട്രോൾ ഷാഫ്റ്റ് | 16. 63 ലക്ഷം രൂപ |
| റോഡ്, ബിൽഡിംഗ്, വെഹിക്കിൾസ് മുതലായവ. | 1570. 82 ലക്ഷം രൂപ |
| ആകെ | 3400 ലക്ഷം രൂപ |

(ഡി)

| | |
|---|---|
| ലാന്റ് അക്വിസിഷൻ | 3254. 993 ലക്ഷം രൂപ |
| ഡാം ആൻറ് സ്പിൽ വേ | 4298. 779 ലക്ഷം രൂപ |
| സാഡിൽ ഡാമുകൾ | 375. 09 ലക്ഷം രൂപ |
| ഡൈവേർഷൻ ടണൽ | 525 .00 ലക്ഷം രൂപ |
| കൺട്രോൾ ഷാഫ്റ്റ് | 62.30 ലക്ഷം രൂപ |
| റോഡ്, ബിൽഡിംഗ്, വെഹിക്കിൾസ് മുതലായവ. | 1490.40 ലക്ഷം രൂപ |
| ഹെഡ് ഓഫീസിൽനിന്നും ഈ പദ്ധതിക്കായി പലിശ, ഭരണപരമായ ചെലവുകൾ, ടെണ്ടർ മുതലായവയ്ക്ക് ചെലവാക്കപ്പെട്ട തുക | 6261 .38 ലക്ഷം രൂപ |
| ആകെ | 16267.94 ലക്ഷം രൂപ |

(ഇ) പുതുക്കിയിട്ടുണ്ട്. 6.12.1989 -ലെ ബോർഡ് ഉത്തരവു പ്രകാരം പദ്ധതിയുടെ പുതുക്കിയ പ്രൊജക്ട് കോസ്റ്റ് 88.28 കോടി രൂപയാണ്.

(എഫ്) ഇല്ല.

(ജി) 100 മെഗാ വാട്ടിന്റെ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ പ്രീ ക്വാളിഫിക്കേഷനു വേണ്ടിയുള്ള ആഗോള ടെന്റർ (ടേൺ കീ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ പാക്കേജ് ഉൾപ്പെടെ ) 7.8.1998 - ലാണ് ക്ഷണിച്ചത്. പ്രീ ക്വാളിഫൈ ചെയ്ത കരാറുകാരിൽ നിന്ന് പ്രൈസ് ബിഡ് സ്വീകരിക്കുന്നതിനുള്ള ടെന്റർ നോട്ടീസ് 4.12.99- ലാണ് നൽകിയത്. പ്രൈസ് ബിഡുകൾ 22.1.2000 മുതൽ ഇഷ്യു ചെയ്തു. ബി.എച്ച്.ഇ.എൽ-എൽ. ആന്റ് ടി. കൺസോർഷ്യം ആണ് ചില നിബന്ധനകളോടെ ഫൈനാൻഷ്യൽ പാക്കേജ് ഇല്ലാതെ .കുറഞ്ഞ ടെൻഡർ സമർപ്പിച്ചിരിക്കുന്നത്.പ്രൈസ് ബിഡുകളുടെ ടെക്നോ - ഇക്കണോമിക്സ് ഇവാലുവേഷൻ (ഫിനാൻഷ്യൽ പാക്കേജ് ഉൾപ്പെടെ ) പൂർത്തിയായിട്ടുണ്ട്. ടെൻഡർ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## കുറ്റ്യാടി ജലവൈദ്യുത ആഗ്മെന്റേഷൻ പദ്ധതി

456.ശ്രീ. എൻ.ഡി..അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലവൈദ്യുത ആഗ്മെന്റേഷൻ പദ്ധതിയുടെ പണിയാരംഭിച്ചതെന്നാണ് എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ പണി എന്ന് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ടെയിൽറേസ് വാട്ടേഴ്സ് ജലസേചനത്തിന് ഉപയോഗിക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള സ്കീം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി ) :**

(എ) 25.1.1982 - ൽ ആരംഭിച്ച കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പണി പല സാങ്കേതിക കാരണങ്ങൾ കൊണ്ടും പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും , സുപ്രീം കോടതിയിലും ഫയൽ ചെയ്ത കേസുകൾ മുഖാന്തിരവും മുടങ്ങിക്കിടക്കുകയായിരുന്നത് 14.2.2003-ൽ മാത്രമാണ് പുനരാരംഭിച്ചത്. ഇതിന്റെ പണികൾ മേയ് 2005-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. ഈ പദ്ധതിയിലെ വെള്ളം വൈദ്യുത ബോർഡിന്റെ നിലവിലുള്ള കുറ്റ്യാടി റിസർവോയറിലേക്ക് തിരിച്ചുവിടാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ റിസർവോയറിലെ വെളലം ഉപയോഗിച്ച് കുറ്റ്യാടി പവർ ഹൗസുകൾ പ്രവർത്തിപ്പിച്ച് പുറംതള്ളുന്ന ടെയിൽറേസ് വാട്ടർ, കുറ്റ്യാടി ഇറിഗേഷൻ സ്കീമിന്റെ പെരുവണ്ണാമൂഴി റിസർവോയറിലാണ് എത്തുന്നത്. ഏകദേശം 5200 ഹെക്ടർ പ്രദേശത്ത് അധികമായി മൂപ്പ് കൃഷി( 3 ൃ റ ര്യീ ) നടത്താൻ സാധിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ബാണാസുര സാഗർ പദ്ധതി എന്ന പേരിൽ ജലവിഭവ വകുപ്പ് പ്രസ്തുത പദ്ധതിക്ക് 37.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

457. ശ്രീ. വി.ബാലാറാം :
ശ്രീ. കെ.എ.ചന്ദ്രൻ :
ശ്രീ. അടൂർപ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.ടി.വി.ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ബി) അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് വിതരണം ചെയ്യുന്നതിന് ഏതെല്ലാം ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട് ;

(സി) ഒരു അലങ്കാര മത്സ്യ പാർക്കുണ്ടാക്കാൻ പരിപാടിയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെ എന്നും അതിന് എന്ത് തുക ചെലവാകും എന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

**പ്രൊ.കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) :-**

(എ) അലങ്കാര മത്സ്യക്കൃഷിയിലേർപ്പെട്ടിരിക്കുന്നവർക്ക് ഹാച്ചറി ഉൾപ്പെടെ സംയോജിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 1,50,000- രൂപ വരെ സഹായം നൽകാൻ പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കാനും അലങ്കാര മത്സ്യ വിത്തുല്പാദന യൂണിറ്റുകൽ സ്ഥാപിക്കുന്നവർക്ക് സാങ്കേതിക സഹായം നൽകാനും മത്സ്യ കർഷക വികസന ഏജൻസി വിഭാവനം ചെയ്തിട്ടുണ്ട്. അലങ്കാര മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താലൂക്ക് ജില്ലാതലങ്ങളിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുകയും വിവിധ സ്കൂളുകളിൽ അക്വേറിയങ്ങൾ നിർമ്മിച്ചു സെറ്റു ചെയ്തു കൊടുക്കുകയും ചെയ്തുവരുന്നു. വനിതാ സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി കേന്ദ്രമാനവ ശേഷി വികസന വകുപ്പിന്റെ ധനസഹായത്തോടെ 600 വനിതകൾക്ക് തൊഴിൽ നൽകുന്ന അലങ്കാര മത്സ്യ കൃഷി പദ്ധതി മത്സ്യ ഫെഡ് നടപ്പാക്കി വരുന്നുണ്ട്.

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പന്നി വേലിച്ചിറ ഫിഷറീസ് കോംപ്ലക്സ്, മലംപുഴ ഫിഷ്ഫാം, എന്നിവിടങ്ങളിൽ നിന്നും മത്സ്യ ഫെഡിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമീക സഹകരണ സംഘങ്ങളിൽ നിന്നും അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പാർക്കിന്റെ സ്ഥലം നിർണ്ണയിച്ചിട്ടില്ല. കൊച്ചി , തിരുവനന്തപുരം, എന്നീ സ്ഥലങ്ങൾ പരിഗണനയിലാണ്. സ്ഥല നിർണ്ണയം കഴിഞ്ഞാൽ മാത്രമേ ചെലവ് തുക തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളു.

.

## ജലവിഭവ രംഗത്തെക്കുറിച്ചുള്ള ഭരണപരിഷ്കാര കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

458 ശ്രീ. പി.നാരായണൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ.മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ജലവില നിർണ്ണയ ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാനുദ്ദേശമുണ്ടോ ;

(ബി) ജലവിഭവ രംഗത്തെക്കുറിച്ചുള്ള ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. ടി.എം.ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി ) :-**

(എ) പരിഗണനയിലില്ല.

(ബി) ജലസേചനം, ജലവിതരണം പോലുളള സാങ്കേതികത ആവശ്യമായ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനു വേണ്ടി പ്രത്യേകം ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കണമെന്നാണ് ശുപാർശ..

**പാതിരാമണൽ ദ്വീപ് സ്വകാര്യ മേഖലക്ക് പാട്ടത്തിനു കൊടുത്ത നടപടി**

459. ശ്രീമതി. രാധാരാഘവൻ :

ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതിരാമണൽദ്വീപ് സ്വകാര്യ മേഖലയിലുള്ള ആർക്കെങ്കിലും ടൂറിസ്റ്റ് റിസോർട്ട് നിർമ്മിക്കുവാൻ പാട്ടത്തിന് കൊടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ആർക്ക് എന്തെല്ലാം വ്യവസ്ഥയിലാണ് കൊടുത്തിട്ടുള്ളത് ;

(സി) പാതിരാമണൽ സ്വകാര്യ മേഖലയിലുള്ളവർക്ക് നൽകുന്നത് സംബന്ധിച്ച പ്രശ്നം ആദ്യമായി ഉയർന്നുവന്നത് ഏത് മന്ത്രിസഭയുടെ കാലത്താണ് ;

(ഡി) ആ കാലത്ത് ഈ പ്രശ്നം സംബന്ധിച്ച നടപടി ഏത് ഘട്ടം വരെ എത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ടി.എം.ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി ) :-**

(എ) ഇല്ല..

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) പാതിരാമണൽദ്വീപ് സ്വകാര്യ മേഖലയ്ക്ക് നൽകുന്നതു സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. എന്നാൽ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ഈ സ്ഥലം കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സബ്സിഡിയറിയായ ടൂറിസ്റ്റ് റിസോർട്ട്സ് കേരളയും ഒബ്റോയ് ഗ്രൂപ്പും ചേർന്നുള്ള സംയുക്ത സംരംഭമായ ഒബ്റോയ് കേരളാ ഹോട്ടൽസ് ആന്റ് റിസോർട്ട്സ് എന്ന കംപനിക്ക് റിസോർട്ട് ഡവലപ്പമെന്റിനായി നൽകാൻ തീരുമാനിച്ച് ഉത്തരവു പുറപ്പെടുവിച്ചിരുന്നെങ്കിലും തുടർനടപടികൾ പൂർത്തിയായിട്ടില്ല.

**അവശ ക്രൈസ്തവർക്കുളള ആനുകൂല്യങ്ങൾ**

460. ശ്രീ. കെ.മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അവശക്രൈസ്തവരുടെ ജനസംഖ്യ എതയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അവശ ക്രൈസ്തവർക്ക് ഉദ്യോഗ നിയമനം, വിദ്യാഭ്യാസം ഇവയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ജനവിഭാഗത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോഴുള്ളതെന്ന് അറിയിക്കാമോ ;

(ഡി) അവശക്രൈസ്തവരുടെ സംഖ്യ പരിഗണിക്കാത്തതിനാൽ അംഗീകൃത പട്ടികജാതി കോളനികളിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിവെള്ളം, പാർപ്പിടം , വൈദ്യുതീകരണം തുടങ്ങിയ ക്ഷേമ പദ്ധതികൾ പട്ടികജാതി സങ്കേതങ്ങളിൽ നടപ്പാക്കുമ്പോൾ സമാന പശ്ചാത്തലമുള്ള അവശക്രൈസ്തവർക്കുകൂടി പ്രസ്തുത ആനുകൂല്യമുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എം.എ.കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി) :-**

(എ) കാനേഷുമാരിയിൽ പരിവർത്തിത ക്രൈസ്തവരുടെ ജനസംഖ്യ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ബി) ഉദ്യോഗ സംവരണത്തിന് പരിവർത്തിത ക്രൈസ്തവരെ ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൻപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി ഇവരെ ഒ.ഇ.സി. വിഭാഗത്തിൽപ്പെടുത്തി പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നു.

(സി) ഈ വിഭാഗത്തിന്റെ സാംപത്തികവും സാമൂഹികവും സാംസ്കാരികവുമായ പുരോഗതി ലക്ഷ്യമാക്കി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേനെ സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതികളും കൃഷിഭൂമി വായ്പാ പദ്ധതി, ഭവന നിർമ്മാണ വായ്പാ പദ്ധതി, വിദേശ വായ്പാ പദ്ധതി , ഭവന നവീകരണ വായ്പാ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാന പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികളും വായ്പാ പദ്ധതികളിൽ വരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഭരണഘടനാപരമായി എസ്.സി.പി./റ്റി.എസ്.പി. ഫണ്ടുകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രമേ ചെലവഴിക്കാൻ പാടുള്ളു. പരിവർത്തിത ക്രൈസ്തവർക്ക് ജനറൽ ഫണ്ടുപയോഗിച്ച് ക്ഷേമ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.